# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1130 30.09.2016 -ൽ മറുപടിക്ക്

**ചരിത്ര പ്രാധാന്യമുള്ള കെട്ടിടം**

ചോദ്യം | മറുപടി

ഡോ. എം.കെ.മുനീർ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തലസ്ഥാനത്ത് ഒബ്സർവേറ്ററിക്കുവേണ്ടി രാജഭരണ കാലത്ത് നിർമ്മിച്ച ചരിത്ര പ്രാധാന്യമുള്ള കെട്ടിടം നാശാവസ്ഥ യിലാണെന്ന വസ്തുത ആരെങ്കിലും വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ ; എങ്കിൽ എന്ന് എന്നു വ്യക്തമാക്കുമോ ; | (എ) | ശ്രീ.വി.സോമശേഖരൻ നാടാർ 12/02/2014 ൽ സമർപ്പിച്ച നിവേദനത്തിൽ ഒബ്സർവേറ്ററി കെട്ടിടം നാശാവസ്ഥ യിലാണെന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിരുന്നു. |
| (ബി) | പുരാവസ്തു സംരക്ഷണ നിയമപ്രകാരം കെട്ടിടം ഏറ്റെടുത്തു സംരക്ഷിക്കാൻ എന്തെങ്കിലും നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) യും (സി) യും | വാനനിരീക്ഷണ കേന്ദ്രം സ്ഥിതി ചെയ്യുന്ന കെട്ടിടം ഇന്ത്യൻ മെറ്റിരിയോളജിക്കൽ വകുപ്പിന്റെ അധീനതയിലായതിനാൽ ടി കെട്ടിടത്തിന്റെ സംരക്ഷണ ചുമതല ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയ്ക്ക് ആണ്. പ്രസ്തുത കെട്ടിടത്തിന്റെ അടിയന്തിര സംരക്ഷണ പ്രവൃത്തികൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പ് മുഖേന കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പ് ചെയ്തു വരുന്നുണ്ട്. |
| (സി) | ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ